കെട്ടിട നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യം പരിഹരിക്കുവാൻ നടപടികൾ

142 (4495) ശ്രീ. എൻ. രാജൻ :
ശ്രീ. രാജാജി മാത്യു തോമസ് :
ശ്രീ. എ. കെ. ചന്ദ്രൻ :
ശ്രീ. ബാബു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഭവന നിർമ്മാണ മേഖല മെച്ചപ്പെടുത്തുന്നതിന് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് കെട്ടിട നിർമ്മാണ സാമഗ്രികൾക്ക് ദൗർലഭ്യം നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അത് പരിഹരിക്കാൻ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) കെട്ടിട നിർമ്മാണ സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി സംസ്ഥാന നിർമ്മിതി കേന്ദ്രം എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിനേയും സംസ്ഥാന/ജില്ലാ-നിർമ്മിതി കേന്ദ്രങ്ങളെയും ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുകയുണ്ടായി.

ചെലവു കുറഞ്ഞതും പരിസ്ഥിതിക്ക് യോജിക്കുന്നതുമായ കെട്ടിട നിർമ്മാണ സാങ്കേതിക വിദ്യ പ്രചരിപ്പിക്കുന്നതിന് സംസ്ഥാന/ജില്ലാ നിർമ്മിതി കേന്ദ്രങ്ങൾ വഴി പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. ഈ ഉദ്ദേശത്തോടെ, അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്താൻ കഴിയുന്ന പഠന ഗവേഷണ സ്ഥാപനവും ആരംഭിച്ചിട്ടുണ്ട്.

നിർമ്മാണ തൊഴിലാളികൾ, തടവുപുള്ളികൾ എന്നിവർക്ക് കെട്ടിട നിർമ്മാണത്തിൽ പരിശീലനം നൽകി വരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും ചെലവുകുറഞ്ഞ നിർമ്മാണ സാങ്കേതിക വിദ്യയിൽ പരിശീലനം നൽകുന്നു.

നിർമ്മാണ സാമഗ്രികൾ സാധാരണക്കാർക്ക് താങ്ങാനാവുന്ന വിലയ്ക്ക് നൽകാൻ കഴിയുന്ന ഒരു സംവിധാനം എന്ന നിലയിൽ കലവറ മാർജിൻ ഫ്രീ ഷോപ്പുകൾ ആരംഭിച്ചിട്ടുണ്ട്.

ഈ സർക്കാർ അധികാരമേറ്റശേഷം ഭവനനിർമ്മാണ ബോർഡു മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. എം.എൻ. ലക്ഷം വീട് പുനരുദ്ധാരണ പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly

2. സുരക്ഷാ ഭവന പദ്ധതി

3. ഇന്നൊവേറ്റീവ് ഹൗസിംഗ് സ്കീം

4. വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ

5. Build-Share-Transfer രീതിയിൽ നടപ്പിലാക്കുന്ന പദ്ധതികൾ

6. കൊച്ചി മറൈൻ ഡ്രൈവ് പദ്ധതി

7. ദേവികുളത്ത് സർക്കാർ ജീവനക്കാർക്കുവേണ്ടിയുള്ള ഭവനപദ്ധതി

8. Pravasi Affordable Housing Scheme

9. സർക്കാർ ജീവനക്കാർക്കുള്ള Affordable Housing Scheme

മറ്റു വകുപ്പുകളെ സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) ഉണ്ട്.

സംസ്ഥാനത്ത് കെട്ടിട നിർമ്മാണ സാമഗ്രികളിൽ മുഖ്യമായും മണലിന് ദൗർലഭ്യം നേരിടുന്നുണ്ട്. നിർമ്മിതി കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ വിവിധ ജില്ലകളിൽ ആരംഭിച്ചിട്ടുള്ള കലവറയിൽ നിന്നും സർക്കാർ അംഗീകരിച്ച മാർഗ്ഗ രേഖകൾ അടിസ്ഥാനമാക്കി ഉപഭോക്താക്കൾക്ക് മണൽ വിതരണം ചെയ്തു വരുന്നു. സിമന്റ്, കമ്പി മറ്റ് നിർമ്മാണ സാമഗ്രികൾ എന്നിവ പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും സ്വകാര്യ സംരംഭകരിൽ നിന്നും വാങ്ങി ഗുണമേന്മ ഉറപ്പു വരുത്തി കലവറ വഴി വിതരണം ചെയ്യുന്നുണ്ട്.

(സി) സിമന്റ്, കമ്പി പോലുള്ള സാമഗ്രികൾ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും സ്വകാര്യ സംരംഭകരിൽ നിന്നും ഗുണമേന്മ ഉറപ്പു വരുത്തിയാണ് ശേഖരിക്കുന്നത്. കൂടാതെ നിർമ്മിതി കേന്ദ്രങ്ങളുടെ ഉല്പാദനശാലകളിൽ നിന്നുള്ള സാമഗ്രികൾ Material Testing Lab-കളിൽ പരിശോധിച്ച് ഗുണ നിലവാരം ഉറപ്പുവരുത്തിയാണ് കലവറയിലൂടെ വിതരണം ചെയ്തു വരുന്നത്. കൂടുതൽ Material Testing Lab-കൾ പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

ലാറി ബേക്കർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാബിറ്റാറ്റ് സ്റ്റഡീസിന്റെ ഉദ്ദേശലക്ഷ്യങ്ങൾ

143 (4496) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലാറി ബേക്കർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാബിറ്റാറ്റ് സ്റ്റഡീസ് എന്ന സ്ഥാപനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത സ്ഥാപനത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്ന ഗവേഷണ പ്രവർത്തനങ്ങളുടെ വിശദവിവരം നൽകാമോ ;

LIBRARY ARCHIVES Kerala Legislative Assembly